LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ വിദ്യാർത്ഥികൾ

286 (3798) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ എത്ര വിദ്യാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ജോലി വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ ജോലി നൽകുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനുവേണ്ടി 54 കായിക താരങ്ങൾ സ്വർണ്ണമെഡൽ നേടിയിട്ടുണ്ട്. പ്രസ്തുത കായിക താരങ്ങളിൽ 3 പേർ ബിരുദ വിദ്യാർത്ഥികളാണ്.

(ബി) പ്രസ്തുത വിദ്യാർത്ഥികളുൾപ്പെടെ 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണ മെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

സ്മൈൽ പദ്ധതി

287 (3799) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്; എത്ര തുക ഇതിനകം ചെലവഴിച്ചു;